# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 773 08.03.2012 - ൽ മറുപടിക്ക്

## നേമം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | മറുപടി<br>ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) നേമം മണ്ഡലത്തിലെ, തിരുവല്ലം, പുഞ്ചക്കരി, പൂങ്കുളം, മേലാങ്കോട് എന്നീ നഗരസഭാ വാർഡുകളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും എന്തൊക്കെയാണെന്നു വിശദമാക്കുമോ ? | (ബി) തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതി (TWSS) തിരുവല്ലം ഗ്രാമീണശുദ്ധ ജല വിതരണ പദ്ധതി (RST) എന്നിവയിൽ നിന്നാണ് തിരുവല്ലം വാർഡിൽ ജലം എത്തിക്കുന്നത്. പാച്ചല്ലൂർ, മേക്ക, തോപ്പടി, പാറവിള മുതലായ ഭാഗങ്ങളിൽ ആഴ്ചയിൽ മൂന്ന് ദിവസവും മറ്റ് ഭാഗങ്ങളിൽ ആഴ്ചയിൽ എല്ലാ ദിവസവും വെള്ളം നൽകി വരുന്നു.<br>പുഞ്ചക്കരി വാർഡിലെ ഭൂരിഭാഗവും പ്രദേശങ്ങളിൽ കല്ലിയൂർ, മുട്ടയ്ക്കാട്, തിരുവല്ലം (KTM) പദ്ധതിയിൽ നിന്നും പൂങ്കുളം വാർഡിൽ നെടിഞ്ഞിൽ പദ്ധതിയിൽ നിന്നും നാല് ദിവസം കൂടുമ്പോൾ വെള്ളം വിതരണം ചെയ്ത് വരുന്നു.<br>KTM, RST എന്നീ പദ്ധതികളിലെ കാലപ്പഴക്കമുള്ള പമ്പ്സെറ്റുകൾ നബാർഡിന്റെ സഹായത്തോടെ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. KTM പദ്ധതി പ്രദേശങ്ങളിൽ TWSS പദ്ധതികളിൽ നിന്നും വെള്ളം എത്തിക്കുക എന്നത് പരിഗണനയിലാണ്. നിലവിലുള്ള ട്രാൻസ്ഫോർമറിൽ നിന്നും മതിയായ വോൾട്ടേജ് ലഭ്യമല്ലാത്തത് കൊണ്ട് നെടിഞ്ഞിൽ പദ്ധതിയിൽ |

രാത്രികാല പമ്പിംഗ് തടസ്സപ്പെടാറുണ്ട്. ഇതിന് പരിഹാരമായി HT ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മേലാങ്കോട് വാർഡിന്റെ ഭൂരിപക്ഷം പ്രദേശങ്ങളിലും ശാന്തിവിളയിൽ സ്ഥാപിച്ചിട്ടുള്ള ജലസംഭരണിയിൽ തൃക്കണ്ണാപുരം പമ്പ് ഹൗസിൽ നിന്നും പമ്പ് ചെയ്യുന്ന ജലം ശേഖരിച്ചാണ് വിതരണം ചെയ്യുന്നത്. വൈദ്യുതി തകരാറ് മൂലം പമ്പ് സെറ്റ് പ്രവർത്തിക്കാതിരിക്കുന്ന സാഹചര്യത്തിലും പമ്പിംഗ് മെയിനിലെ അറ്റകുറ്റപ്പണി സമയങ്ങളിലും ഈ പ്രദേശത്ത് ശുദ്ധജല വിതരണം തടസ്സപ്പെടുന്നുണ്ട്.

സെക്ഷൻ ഓഫീസർ